# പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## നാൽപ്പത്തിയേഴാമത് റിപ്പോർട്ട്

(2019 നവംബർ മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2014-2016)യുടെ മുപ്പത്തിയേഴാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

**നാൽപ്പത്തിയേഴാമത് റിപ്പോർട്ട്**

(2019 നവംബർ മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2014-2016)യുടെ മുപ്പത്തിയേഴാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

1402/2019.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 22 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

*ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

* 2019 ജൂലൈ മാസം 1-ാം തീയതിയിലെ 700-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-2021)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതിയുടെ 47-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 37-ാമത് റിപ്പോർട്ടിലെ (മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2019 നവംബർ മാസം 18-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019, നവംബർ 21.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016) യുടെ 37-ാമത് റിപ്പോർട്ടിലെ [ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05 മുതൽ 2006-07 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച] ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016) യുടെ 37-ാമത് റിപ്പോർട്ട് 2015 ജൂലൈ മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ 25 ശിപാർശകളാണുള്ളത്. എല്ലാ ശിപാർശകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്.

1.3 റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സർക്കാർ മറുപടി സമിതി (2019-2021) യുടെ 8-5-2019 തീയതിയിലെ യോഗത്തിൽ പരിഗണിക്കുകയുണ്ടായി.

1.4 റിപ്പോർട്ടിലെ 104, 105 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അത് സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞിരുന്നു. ആയതിനുള്ള മറുപടി നാളിതുവരെ ലഭിച്ചിട്ടില്ല.

1.5 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാക്കുറിപ്പ്, തുടർ ശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.6 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

**സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും തുടർ ശിപാർശയും**

### ഖണ്ഡിക നമ്പർ 104, 105

#### ശിപാർശ

2.1.1 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് വാങ്ങിയ മെറ്റീരിയൽസ് അധികം വന്നതിന്റെ ഫലമായി 1,25,775 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ആർ. ആർ. നടപടി സ്വീകരിക്കാതിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി

സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സംബന്ധിച്ച് യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

2.1.2 ആയതിനാൽ നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനെതിരെയുള്ള ആർ. ആർ. നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും 1999-ൽ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയ ഉദ്യോഗസ്ഥനെതിരെ 2007 വരെ നടപടി സ്വീകരിക്കാതെ ടിയാനെ റിട്ടയർ ചെയ്യാൻ അനുവദിക്കുകയും ചെയ്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.3 1999-ലെ വാർഷിക പദ്ധതി ഓഡിറ്റ് പൂർത്തിയാക്കി ലോക്കൽ ഫണ്ട് റിപ്പോർട്ട് പുറപ്പെടുവിച്ചത് 12-3-2007 നാണ്. 15-3-2007-ന് ചേർന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും നഷ്ടത്തിന് ഉത്തരവാദിയായ ശ്രീ. സി. രാമദാസിൽ നിന്ന് തുക ഈടാക്കുന്നതിനായി 21-3-2007-ന് ടിയാന് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത നോട്ടീസിന് 7-4-2007-ന് ശ്രീ. സി. രാമദാസ് നൽകിയ മറുപടി 6-9-2007-ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത മറുപടി പരിഗണിച്ച് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ 16-8-2008-ന് നൽകിയ ഫർദർ റിമാർക്സിലും ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തുക ഈടാക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. ഇതിനെ തുടർന്ന് ശ്രീ. സി. രാമദാസിന് തുക അടവാക്കുന്നതിന് (28-1-2012-ന്) നോട്ടീസ് നൽകുകയും, ശ്രീ. സി. രാമദാസ് 8-3-2012-ന് സമർപ്പിച്ച മറുപടി വീണ്ടും 9-3-2012-ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയുമുണ്ടായി. 1-9-2012-ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ പ്രാദേശിക പരിശോധനക്കുറിപ്പിൽ പ്രസ്തുത വിഷയം 2006-07-ലെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതിനാൽ നിയമസഭാ സമിതിയുടെ തീരുമാനത്തിന് വിധേയമായി യുക്തമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

2.1.4 എന്നാൽ നിയമസഭാ സമിതി യോഗം ഈ വിഷയം പരിഗണിച്ച അവസരത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് പരാമർശം ഉണ്ടായതിനെ തുടർന്ന് 4-3-2014-ന് പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്ന് ശ്രീ. സി. രാമദാസിനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് അഭ്യർത്ഥന സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി. രാമദാസിനെതിരെ ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും ശ്രീ. സി. രാമദാസ് ഇതിനെതിരെ WP (C) 14891/14 നമ്പരായി

ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ഹൈക്കോടതി 12-6-2014-ലെ ഉത്തരവ് പ്രകാരം റവന്യൂ റിക്കവറി നടപടി സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് 10-6-2014 മുതൽ പെന്റിംഗാണെന്ന് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് അറിയിച്ചിട്ടുണ്ട്. കേസ് തീർപ്പാവുന്നതിനനുസരിച്ച് ശ്രീ. സി. രാമദാസിൽ നിന്നും തുക ഈടാക്കി നിയമസഭാ സമിതിയെ അറിയിക്കുന്നതാണ്.

2.1.5 ശ്രീ. സി. രാമദാസിനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് ബ്ലോക്ക് ഓഫീസിൽ നിന്നും മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ലെന്നത് പരിഗണിച്ചും നിയമസഭാ സമിതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നതിനാലും ഉദ്യോഗസ്ഥർക്കെതിരെയുള്ള വകുപ്പുതല നടപടികൾ ഒഴിവാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

2.1.6 ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് വാങ്ങിയ മെറ്റീരിയൽസ് അധികം വന്നതുമൂലം 1,25,775 രൂപയുടെ നഷ്ടമുണ്ടായതിന് ഉത്തരവാദിയായ ശ്രീ. സി. രാമദാസിന് (റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) എതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് 4-3-2014-ന് ഓൺലൈനായി ശിപാർശ ജില്ലാ കളക്ടർക്ക് അയച്ചിരുന്നു. ജില്ലാ കളക്ടറുടെ റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീ. സി. രാമദാസ് ബഹു. ഹൈക്കോടതിയിൽ WP(C) 14891/14 നമ്പർ അന്യായം ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ 12-6-2014-ലെ ഇടക്കാല ഉത്തരവ് പ്രകാരം റവന്യൂ റിക്കവറി നടപടി സ്റ്റേ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് ഇപ്പോഴും പെന്റിംഗിലാണ്.

2.1.7 1999-2000 ഓഡിറ്റ് റിപ്പോർട്ട് 12-3-2007-നാണ് പുറപ്പെടുവിച്ചത്. 15-3-2007-ന് ചേർന്ന ഭരണ സമിതി യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും നഷ്ടം ഈടാക്കുന്നതിന് 21-3-2007-ന് ശ്രീ. രാംദാസിന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. മറ്റ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടില്ല.

**തുടർ ശിപാർശ**

**2.1.8 പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സിന്റെ വിധിക്കനുസരിച്ച് നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം III

## സർക്കാരിന്റെ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും

### ഖണ്ഡിക നമ്പർ 7

ശിപാർശ

3.1.1 വ്യവസായ വികസനത്തിനായി അനുവദിച്ച 34 പ്ലോട്ടുകളിൽ 25 പ്ലോട്ടുകളിലായി 13 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചതായും അവശേഷിക്കുന്ന പ്ലോട്ടുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണെന്നുമുള്ള സർക്കാർ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.1.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ. നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.1.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള നടപടികൾ അവസാനിപ്പിച്ചിരുന്നു.

### ഖണ്ഡിക നമ്പർ 23, 24

ശിപാർശ

3.2.1 കുടുംബശ്രീയുടെയും കാർഷിക മേഖലയിലെയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം നിർമ്മിച്ച് നൽകിയതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ മാർക്കറ്റിനായി പൂർത്തിയാക്കിയ കെട്ടിടം സർക്കാർ അനുമതിയില്ലാതെ സബ് ട്രഷറി ആരംഭിക്കുന്നതിന് കൈമാറിയ നടപടി സമിതി സംശയത്തോടെ വീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്ന് സമിതിയുടെ 29-12-2012-ലെ യോഗം നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സംബന്ധിച്ച് നാളിതുവരെ യാതൊരു മറുപടിയും നൽകാത്ത സർക്കാർ നടപടി നിരുത്തരവാദപരവും സമിതിയോടുള്ള കടുത്ത അനാദരവുമായി കണക്കാക്കുന്നു.

3.2.2 മാർക്കറ്റിനായി നിർമ്മിച്ച കെട്ടിടത്തിൽ സബ് ട്രഷറി ആരംഭിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.2.3 കുടുംബശ്രീയുടെയും കാർഷിക മേഖലയിലെയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പശ്ചാത്തല സൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് മങ്കട ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് കൈമാറിയ മാർക്കറ്റ് കെട്ടിടം സബ് ട്രഷറിക്ക് കൈമാറുന്നതിന് സർക്കാർ അനുവാദം നൽകുകയോ, കെട്ടിടം സബ് ട്രഷറിക്ക് കൈമാറുകയോ ചെയ്തിട്ടില്ലായെന്നും നിലവിൽ മാർക്കറ്റ് കെട്ടിടത്തിൽ സബ് ട്രഷറി പ്രവർത്തിക്കുന്നില്ലായെന്നും 13-8-2015-ലെ എ 2/2955/2009 നമ്പർ കത്ത് പ്രകാരം മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 4-11-2014-ലെ എ 2/2955/2009 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് പഞ്ചായത്തിന് കൈമാറിയ മാർക്കറ്റ് കെട്ടിട മുറികളിൽ രണ്ടെണ്ണം മങ്കട ബ്ലോക്കുതല കാർഷിക സേവന കേന്ദ്രത്തിന് നൽകുന്നതിനും മറ്റ് മുറികളിൽ ഒരെണ്ണം ഐ.ആർ.ഡി.പി. ഗുണഭോക്താവിന് കച്ചവടത്തിനായി നൽകാനും ബാക്കിയുള്ള മുറികൾ കൃഷിവകുപ്പിന്റെ കീഴിൽ പഞ്ചായത്ത് തലത്തിൽ നടത്തുന്ന പച്ചത്തേങ്ങ സംഭരണത്തിന് നൽകുവാനും തീരുമാനിച്ചിട്ടുണ്ട് എന്ന വിവരം മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കെട്ടിടം കാർഷിക മേഖലയിൽ തന്നെ ഉപയോഗപ്പെടുത്തുന്നതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.2.4 മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് നൽകിയ കെട്ടിടം സബ് ട്രഷറിക്ക് കൈമാറുന്നതിന് സർക്കാർ അനുമതി നൽകുകയോ കെട്ടിടം സബ് ട്രഷറിക്ക് കൈമാറുകയോ ചെയ്തിട്ടില്ലെന്ന മറുപടി ശരിയാണ്. ഇക്കാര്യം നേരിൽ പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ കെട്ടിടത്തിലെ ആകെയുള്ള 6 മുറികളിൽ 2 എണ്ണം ഐ.ആർ.ഡി.പി., എസ്.ജി.എസ്.വൈ. ഗുണഭോക്താക്കൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ മറ്റ് മുറികളിൽ ബ്ലോക്ക് പഞ്ചായത്ത് മറുപടിയിൽ പറഞ്ഞിരിക്കുന്നത് പോലെ ബ്ലോക്കുതല കാർഷിക സേവന കേന്ദ്രമോ, പച്ചതേങ്ങ സംഭരണ കേന്ദ്രമോ പ്രവർത്തിക്കുന്നില്ല. നേരിട്ട് നടത്തിയ പരിശോധനയിൽ ഇക്കാര്യം ബോധ്യപ്പെട്ടു.

## ഖണ്ഡിക നമ്പർ 37, 38

### ശിപാർശ

3.3.1 തൊഴിൽരഹിതരായ വനിതകൾക്കുവേണ്ടി സഹകരണ മേഖലയിൽ ആരംഭിച്ച ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സിൽ ഒരു വനിത ഒഴികെയുള്ള അംഗങ്ങൾ പുറത്തുനിന്നുള്ള പുരുഷന്മാരായിരുന്നു എന്നും സംഘത്തിന്റെ പേരിൽ സ്വകാര്യ വ്യക്തികളാണ് പ്രസ്സ് നടത്തിയിരുന്നതെന്നുമുള്ള വസ്തുത ഉദ്യോഗസ്ഥരുടെയും ഭരണ സംവിധാനത്തിന്റെയും ഭാഗത്തുള്ള വീഴ്ചയായി സമിതി വിലയിരുത്തുന്നു. സഹകരണ മേഖലയിൽ പ്രവർത്തന അനുഭവമില്ലാത്ത ഒരു സംഘത്തിന് ഭീമമായ തുക ചെലവഴിച്ച് പ്രസ്സ് നടത്തിപ്പിനായി ഉപകരണങ്ങൾ വാങ്ങിയത് ദുരുദ്ദേശ്യപരമായിരുന്നെന്ന് സമിതി ആശങ്കപ്പെടുന്നു. എന്നാൽ പ്രസ്തുത സഹകരണ സംഘം ഇപ്പോൾ ലിക്വിഡേഷനിലാണെന്നും സെക്ഷൻ 65 പ്രകാരം അന്വേഷണം നടത്തി സംഘത്തിന്റെ സമാപ്തീകരണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയിൽ വെളിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, ലിക്വിഡേഷൻ നടപടി എത്രയുംവേഗം പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി വിഷയം സംബന്ധിച്ച് യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. തെളിവെടുപ്പ് വേളയിൽ സമിതിക്ക് നൽകുന്ന ഉറപ്പ് പാലിക്കാതിരിക്കുന്നത് സമിതിയോടുള്ള അനാദരവായി സമിതി വിലയിരുത്തുന്നു.

3.3.2 സഹകരണ സംഘത്തിന്റെ പ്രവൃത്തി വിലയിരുത്തി സെക്ഷൻ 65 പ്രകാരം അന്വേഷണം നടത്തി ലിക്വിഡേഷൻ നടപടി പൂർത്തിയാക്കി അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.3.3 വേങ്ങര ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000-ലെ വനിതാ സാമൂഹ്യക്ഷേമ പ്രോജക്ടായ വനിതാ സഹകരണ പ്രസ്സ് എന്ന പദ്ധതിയ്ക്കായി വിവിധ ഘട്ടങ്ങളിൽ സംഘത്തിന് ബ്ലോക്ക് പഞ്ചായത്ത് ആകെ 6,61,314 രൂപ ചെലവഴിച്ചിട്ടുണ്ട്. 2002-03-ലെ പെർഫോമൻസ് ഓഡിറ്റിന്റെയും 2005-06-ലെ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെയും പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ 13-11-2008-ലെ 5(സി) നമ്പർ തീരുമാന പ്രകാരം പ്രസ്തുത പ്രസ്സിന്റെ പ്രവർത്തനം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിനായി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഒരു ബ്ലോക്ക് മെമ്പർ, വ്യവസായ വികസന ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) എന്നിവർ അടങ്ങിയ ഒരു അന്വേഷണ സമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത അന്വേഷണ സമിതി നടത്തിയ പരിശോധനയിൽ

പ്രോജക്ടിൽ നിന്നും വ്യതിചലിച്ചാണ് സംഘം പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തുകയുണ്ടായി ഇതിന്റെ അടിസ്ഥാനത്തിൽ സംഘത്തിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും ക്രമക്കേടുകൾ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി പ്രസ്തുത സഹകരണ സംഘത്തിന്റെ അംഗങ്ങളുടെ അടിയന്തര യോഗം 20-5-2009-ന് വേങ്ങര ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് ചേരുകയുണ്ടായി. സ്ഥാപനത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റി അവലോകനം നടത്തുകയും അംഗങ്ങളുടെയും വ്യവസായ വികസന ഓഫീസറുടെയും വിശദീകരണത്തിൽ നിന്നും സംഘത്തിന്റെ നടത്തിപ്പും, പ്രോജക്ടിന്റെ ലക്ഷ്യങ്ങളും സർക്കാർ ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണെന്ന് യോഗത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ആവശ്യമായ രജിസ്റ്ററുകളും രേഖകളും പരിശോധനയ്ക്കായി ഹാജരാക്കാൻ യോഗം നിർദ്ദേശിച്ചതനുസരിച്ച് പല പ്രാവശ്യം വനിതാ സഹകരണ സംഘം സെക്രട്ടറിയ്ക്കും പ്രസിഡന്റിനും കത്തുകൾ നൽകിയിട്ടും ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ തക്കതായ മറുപടി നൽകുകയോ ചെയ്തിട്ടില്ല.

3.3.4 17-11-2008 തീയതിയിൽ പ്രസ്തുത വനിതാ വ്യവസായ സഹകരണ സംഘത്തിന്റെ ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവ മനസ്സിലാക്കുന്നതിന് കേരള സഹകരണ ആക്ടിലെ വകുപ്പ് 65 പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി സീനിയർ സഹകരണ ഇൻസ്പെക്ടർ HQ III എന്നവരെ നിയമിച്ചുകൊണ്ട് വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഉത്തരവാക്കിയിട്ടുണ്ടായിരുന്നു. മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 3-2-2018-ലെ ഉത്തരവ് നമ്പർ സി. എം.1/2227/2017 പ്രകാരം മേൽ സംഘത്തെ സമാപ്തീകരണത്തിനായി (ലിക്വിഡേഷൻ) ഉത്തരവായിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.3.5 വനിതാ കോ-ഓപ്പറേറ്റീവ് ഓഫ്സെറ്റ് പ്രസ്സ് ലിമിറ്റഡ് (എം) 1212 എന്ന സംഘത്തിന്റെ സമാപ്തീകരണത്തിനായി, മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 3-2-2018-ലെ സി. എം.1/2227/17 നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. സംഘത്തിന്റെ വസ്തുവകകൾ ഇപ്പോൾ വ്യവസായ കേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രസ്തുത സഹകരണ സംഘത്തിന്റെ ലിക്വിഡേറ്ററായി ജൂനിയർ സഹകരണ ഇൻസ്പെക്ടർ (HQ) III 28-4-2018-ന് ചാർജ്ജ് എടുത്തിട്ടുണ്ട് എന്നും ലിക്വിഡേഷൻ നടപടികൾ മൂന്ന് വർഷത്തിനകം തന്നെ പൂർത്തീകരിച്ച് സംഘത്തിൽ നിന്നും കണ്ടുകെട്ടുന്ന ആസ്തികളിൽ നിന്നും സർക്കാരിലേക്ക് അടവാക്കാനുള്ള തുകകൾ ഉണ്ടെങ്കിൽ ആയത് അടവാക്കാനുള്ള നടപടികളും ലിക്വിഡേറ്റർ സ്വീകരിക്കുന്നതാണെന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ 28-6-2018-ലെ സി.എം.1/2227/17 നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ട്.

3.3.6 സംഘത്തിന്റെ മിനിറ്റ്സ്, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, ഡേ ബുക്ക്, പാസ്സ് ബുക്ക് മറ്റ് അനുബന്ധ രേഖകൾ എന്നിവ സംഘത്തിൽ നിന്ന് ഏറ്റെടുക്കുകയും സംഘത്തിന്റെ സ്ഥിരം ആസ്തികളായ മെഷിനറികൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ ലിക്വിഡേറ്റർ സ്വീകരിച്ച് വരുന്നുണ്ടെന്നും, ലിക്വിഡേഷൻ ക്ലെയിം നോട്ടീസ് കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യവസായ കേന്ദ്രം മാനേജർ 25-9-2018-ലെ സി.എം.1/2227/17 നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ട്.

### ഖണ്ഡിക നമ്പർ 42

<u>ശിപാർശ</u>

3.4.1 പദ്ധതി, ബന്ധപ്പെട്ട ഗുണഭോക്തൃസമിതി പൂർത്തീകരിക്കുകയും അഡ്വാൻസ് തുകയായ 20,000 രൂപ അന്തിമ ബിൽ തുകയിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള ഗ്രാമവികസന കമ്മീഷണറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.4.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

### ഖണ്ഡിക നമ്പർ 46

<u>ശിപാർശ</u>

3.5.1 പെരിന്തൽമണ്ണ ബ്ലോക്കിലെ 9 വാർഡുകളിൽ സമ്പൂർണ്ണ ശുചിത്വ പരിപാടി നടത്തിപ്പിനായി കൈപ്പറ്റിയ അത്രയും തുകയ്ക്ക് കക്കൂസ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചതായി മിക്കവാറും ഗുണഭോക്താക്കളിൽ നിന്നും സാക്ഷ്യപത്രവും അതത് ഗ്രാമപഞ്ചായത്തുകളിലെ വി. ഇ. ഒ. മാരുടെ അന്വേഷണ റിപ്പോർട്ടും ഹാജരാക്കിയിട്ടുണ്ടെന്നും ആയത് ബ്ലോക്ക് പഞ്ചായത്ത് അംഗീകരിക്കുകയും ധനസഹായത്തിന് അർഹരായ ഗുണഭോക്താക്കളിൽ പലരും മരണപ്പെടുകയോ താമസം മാറിപ്പോവുകയോ ചെയ്തിട്ടുള്ളതായും, കാലപ്പഴക്കം വന്ന കേസായതിനാൽ പരമാവധി രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.5.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

**ഖണ്ഡിക നമ്പർ 52**

<u>ശിപാർശ</u>

3.6.1 പരാമർശ വിധേയമായ 15 പ്രവൃത്തികളുടെയും മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെന്നും മങ്ങാട്ടിരി ശ്മശാനം ഷെഡ് എന്ന പ്രവൃത്തിക്ക് മുൻകൂർ അനുവദിച്ച 6,250 രൂപ കൺവീനർ 8/9-10-2012 നമ്പർ രസീതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.6.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.6.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

**ഖണ്ഡിക നമ്പർ 54**

<u>ശിപാർശ</u>

3.7.1 ഓഡിറ്റ് പരാമർശത്തിന് നിദാനമായ തുക പലിശ സഹിതം ഈടാക്കിയിട്ടുണ്ടെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.7.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

**ഖണ്ഡിക നമ്പർ 57**

<u>ശിപാർശ</u>

3.8.1 വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി., കെ.എസ്.എച്ച്.ബി., സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നീ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെന്ന മലപ്പുറം അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണ(ജനറൽ)റുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.8.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

**ഖണ്ഡിക നമ്പർ 62**

<u>ശിപാർശ</u>

3.9.1 ചേന്നര പെരുന്തിരുത്തി വടക്കേത്തറ ഹരിജൻ കോളനി വൈദ്യുതീകരണം പൂർത്തീകരിച്ചതായി ആലത്തിയൂർ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.9.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.9.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

**ഖണ്ഡിക നമ്പർ 74**

<u>ശിപാർശ</u>

3.10.1 തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉല്ലാസ് നഗർ വൈദ്യുതീകരണ പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമായതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.10.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.10.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

**ഖണ്ഡിക നമ്പർ 75**

<u>ശിപാർശ</u>

3.11.1 വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.11.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.11.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

**ഖണ്ഡിക നമ്പർ 76**

<u>ശിപാർശ</u>

3.12.1 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലെ കോളനി വൈദ്യുതീകരണ പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.12.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.12.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

**ഖണ്ഡിക നമ്പർ 77**

<u>ശിപാർശ</u>

3.13.1 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിൽ മൈത്രി ഭവന പദ്ധതിക്ക് ഹൗസിംഗ് ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 8,37,500 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.13.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.13.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

### ഖണ്ഡിക നമ്പർ 78

ശിപാർശ

3.14.1 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിൽ പാലപ്പെട്ടി ഗവൺമെന്റ് ഹൈസ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മിതി കേന്ദ്രത്തോട് അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ട് ആയതിന്മേൽ തുടർനടപടി സ്വീകരിക്കാം എന്ന ഗ്രാമവികസന കമ്മീഷണറുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കം ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. ഭവന നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രത്തിന് നൽകിയ തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച 1,07,500 രൂപ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.14.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.14.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

### ഖണ്ഡിക നമ്പർ 83

ശിപാർശ

3.15.1 ഓഡിറ്റ് പരാമർശത്തിന് നിദാനമായ പദ്ധതി ഡി.പി.സി. അംഗീകരിച്ചിട്ടുള്ളതാണെന്നും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി നടത്തിയ പദ്ധതി പൂർത്തിയായിട്ടുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നതോടൊപ്പം പദ്ധതി നിർവ്വഹണ മാർഗ്ഗരേഖാ ഉത്തരവിന് വിരുദ്ധമായി തുക വിനിയോഗിക്കാൻ മുൻകൂർ അനുമതി വാങ്ങാതിരുന്ന നടപടിയിൽ സമിതി അതൃപ്തിയും രേഖപ്പെടുത്തുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.15.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.15.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

**ഖണ്ഡിക നമ്പർ 87, 88**

ശിപാർശ

3.16.1 കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ മരാമത്ത് പണികൾക്ക് അർഹതയ്ക്കുപരിയായി ഭക്ഷ്യധാന്യം അനുവദിച്ചതുമൂലം കേന്ദ്ര സർക്കാരിന് 2,97,619 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. എസ്.ജി.ആർ.വൈ. മാർഗ്ഗനിർദ്ദേശത്തിലെ ഖണ്ഡിക 2.2 പ്രകാരം ഭക്ഷ്യധാന്യത്തിന്റെ ലഭ്യത അനുസരിച്ച് കൂടുതൽ ധാന്യം നൽകുന്നതിന് വ്യവസ്ഥയുണ്ടെന്നും ആയതിനാൽ 2002-03 വർഷത്തിൽ കൂടുതൽ ധാന്യവിഹിതം ലഭിച്ചപ്പോൾ ഒരു മനുഷ്യദിനത്തിന് 10 കി. ഗ്രാം എന്ന ക്രമത്തിൽ ധാന്യങ്ങൾ നൽകിയതായും ആയിനത്തിൽ ടി പ്രവൃത്തികളുടെ അടങ്കൽ തുക അധികരിച്ചിട്ടില്ലെന്നും സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. പ്രവൃത്തികളുടെ ലേബർ/മെറ്റീരിയൽ സ്റ്റേറ്റ്മെന്റും ഭക്ഷ്യധാന്യ വിതരണത്തിന്റെ മസ്റ്റർ റോളും പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിച്ചതിൻപ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ഒരു മനുഷ്യദിനത്തിന് 10 കി. ഗ്രാം എന്ന ക്രമത്തിൽ 7806 കി. ഗ്രാം ഭക്ഷ്യധാന്യം നൽകേണ്ടയിടത്ത് 30000 കി. ഗ്രാമും 7920 കി. ഗ്രാം നൽകേണ്ടയിടത്ത് 32967 കി. ഗ്രാമും ഭക്ഷ്യധാന്യം നൽകിയതായി സൂചിപ്പിച്ചിരിക്കുന്നു.

3.16.2 എന്നാൽ തൊഴിലാളികൾക്ക് ഭക്ഷ്യധാന്യം നൽകിയതിന്റെ കൈപ്പറ്റു രസീതോ പ്രവൃത്തികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ ആവശ്യമാണെന്നുള്ള രേഖകളോ ഓഡിറ്റ് വകുപ്പിന് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന വസ്തുത ഗുരുതരമായ കൃത്യവിലോപമായി സമിതി കണക്കാക്കുന്നു. ഒരു തൊഴിൽദിനത്തിന് പരമാവധി നൽകാവുന്ന ഭക്ഷ്യധാന്യം സർക്കാർ നിശ്ചയിച്ചിട്ടുള്ളതിൽ കവിഞ്ഞാൽ സബ്സിഡി നിരക്ക് തന്നെ നൽകാമെന്നും എഫ്.സി.ഐ.യുടെ നിരക്ക് പരിഗണിക്കേണ്ടതില്ലെന്നുമുള്ള

സ്ഥാപനത്തിന്റെ വിശദീകരണത്തോട് സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത പ്രവൃത്തികളുടെ ലേബർ/മെറ്റീരിയൽ സ്റ്റേറ്റ്മെന്റും ഭക്ഷ്യധാന്യ വിതരണത്തിന്റെ മസ്റ്റർ റോളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് കൈമാറണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.16.3 പ്രസ്തുത കാലയളവിലെ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണവും, ഓഡിറ്റ് പരാമർശത്തെ തുടർന്ന് പ്രസ്തുത പ്രവൃത്തികളുടെ തൊഴിൽ വിഹിതം സാങ്കേതികമായി പരിശോധിക്കുന്നതിന് LSGD സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ ലേബർ മെറ്റീരിയൽ സ്റ്റേറ്റ്മെന്റും, തൊഴിലാളികളുടെ ഹാജർ, ആദ്യം നൽകിയ വേതനം എന്നിവ രേഖപ്പെടുത്തിയ മസ്റ്റർ റോളുകളുടെ പകർപ്പും മലപ്പുറം ജില്ലാ സ്റ്റേറ്റ് ഓഡിറ്റ് കാര്യാലയത്തിൽ ഹാജരാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണ വേളയിലോ, ഫൈനൽ പേയ്മെന്റിന് മുമ്പോ കൺവീനർ ഭക്ഷ്യധാന്യം ദുരുപയോഗപ്പെടുത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടതായി അറിയില്ല. പ്രവൃത്തികൾ നല്ല രീതിയിൽ പൂർത്തീകരിക്കുകയും ജനങ്ങൾക്ക് ഉപകാരപ്രദമാകുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ വിഹിതം സമയബന്ധിതമായി വിനിയോഗിച്ചതിലൂടെ ജനോപകാരപ്രദമായ പൊതു ആസ്തി സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ധനമായും, ധാന്യമായും കൺവീനർക്ക് നൽകിയ ആകെ തുക ബിൽ തുകയിലും അധികമല്ല. SGRY പദ്ധതി 2006-07 വർഷം നിർത്തലാക്കുന്ന വേളയിൽ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളെ സംബന്ധിച്ച് പണമായോ ഭക്ഷ്യധാന്യമായോ കൊടുത്ത് തീർക്കേണ്ട ബാധ്യതകൾ ഒന്നുംതന്നെ അവശേഷിച്ചിരുന്നില്ല. SGRY സ്കീമിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായ ഗ്രാമീണമേഖലയിൽ തൊഴിൽ സൃഷ്ടിക്കൽ, സ്ഥായിയായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം എന്നിവ കൈവരിച്ചതിനാലും സാങ്കേതികമായ യാതൊരു അപാകതയും പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഇല്ലാത്തതിനാലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം അനുകൂലമായി പരിഗണിച്ച് ബാധ്യത ഒഴിവാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.16.4 പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടതുപ്രകാരം 29-1-2016-ന് പ്രവൃത്തികളുടെ ഫയലുകൾ ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ ഹാജരാക്കി പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചൂണ്ടിക്കാണിച്ചിരുന്നു. തുടർന്ന് 25-9-2018-ന് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ വച്ച് ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി വീണ്ടും പരിശോധിച്ചെങ്കിലും 29-1-2016-ലെ പരിശോധനയിൽ ലഭ്യമാക്കിയ രേഖകൾ മാത്രമാണ് വീണ്ടും ലഭ്യമാക്കിയത്. പ്രസ്തുത രേഖകൾ പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു :

1. <u>ലേബർ മെറ്റീരിയൽ പത്രിക-അപാകതകൾ</u>

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഒപ്പുവച്ചിട്ടുള്ളത്. തീയതി രേഖപ്പെടുത്തിയിട്ടില്ല. 1-8-2012-ന് ഈ കാര്യാലയത്തിൽ നിന്നും നടത്തിയ ഓഡിറ്റ് പരിശോധന വരെയും ഈ ലേബർ മെറ്റീരിയൽ പത്രികകൾ ഫയലിൽ ഉണ്ടായിരുന്നില്ല. ടി പത്രികകളിൽ ഒപ്പുവച്ച ഉദ്യോഗസ്ഥന്റെ പേരും വിലാസവും ലഭ്യമാക്കണമെന്ന് 29-1-2016-ന് രേഖാമൂലം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല. മുൻ പരിശോധനാ സമയത്ത് ലഭ്യമല്ലാതിരുന്ന പത്രികകൾ ഫയലിൽ ചേർത്തത്, ആയതിന്റെ ആധികാരികത വ്യക്തമാവും വിധത്തിൽ ഒപ്പുവച്ച തീയതി, ഉദ്യോഗസ്ഥന്റെ പേര് എന്നിവ ഇല്ലാതെയാണ്. രേഖകളുടെ ഉറവിടം വ്യക്തമാക്കാനായിട്ടില്ല. മാത്രവുമല്ല ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം എസ്റ്റിമേറ്റ്, ഡാറ്റാ ഷീറ്റ് എന്നിവയ്ക്കനുസൃതമായ മെറ്റീരിയൽ പത്രികയല്ല തയ്യാറാക്കി നൽകിയിട്ടുള്ളതും. ഡാറ്റാ ഷീറ്റിനനുസരിച്ച് ആവശ്യമായ മെറ്റീരിയൽ എല്ലാം തന്നെ നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരം വില കൊടുത്ത് സൈറ്റിലെത്തിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് കൺവീനർമാർ ഹാജരാക്കിയ വൗച്ചറുകളിൽ നിന്നും വ്യക്തമാവുന്നുമുണ്ട്. ഉറവിടം വ്യക്തമാക്കാതെയും എസ്റ്റിമേറ്റിന് അനുസൃതമല്ലാതെയും ലേബർ വിഹിതം പെരുപ്പിച്ച് കാണിച്ചുകൊണ്ടുള്ള പത്രിക വിശ്വാസയോഗ്യമല്ല എന്ന വിവരം ബഹു. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2. <u>മസ്റ്റർ റോൾ</u>

മസ്റ്റർ റോൾ മുഖേന വിതരണം ചെയ്യുവാനായി കൺവീനർ കൈപ്പറ്റിയ ഭക്ഷ്യധാന്യം തൊഴിലാളികൾക്ക് നൽകിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. തൊഴിലാളികൾ ഭക്ഷ്യധാന്യം കൈപ്പറ്റിയതായി കൈപ്പറ്റ് രശീതും ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച അപാകതകൾ ഇപ്പോഴും നിലനിൽക്കുന്നതായി ബഹു. നിയമസഭാ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഖണ്ഡിക നമ്പർ 94, 95

### <u>ശിപാർശ</u>

3.17.1 1999-2000-ൽ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് വാങ്ങിയ സ്ഥലത്തിന് ഉടമ സമ്മതിച്ചതിനേക്കാൾ കൂടുതൽ തുക നൽകിയതുമൂലം 1,67,328 രൂപയുടെ അധിക ചെലവുണ്ടായതായി സമിതി മനസ്സിലാക്കുന്നു. കളക്ടർ നിശ്ചയിച്ച വിലയ്ക്ക് ഭൂമി കൊടുക്കാൻ സമ്മതമാണെന്നും 3,500 രൂപയ്ക്ക് ഭൂമി കൊടുക്കാൻ സമ്മതമാണെന്നും സൂചിപ്പിച്ച് ഒരേ വ്യക്തിയുടെ രണ്ട് കത്തുകൾ ഫയലിൽ കണ്ടതായുള്ള ഗ്രാമവികസന കമ്മീഷണറുടെ വിശദീകരണത്തിൽ നിന്നും ഇത് ഗുരുതരമായ ഒരു പ്രശ്നമാണെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ അങ്ങനെയൊരു കത്ത്

കൊടുത്തിട്ടില്ലായെന്ന് ബന്ധപ്പെട്ട വ്യക്തി വെളിപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയം സർക്കാർ വിശദമായി പഠിച്ച് റിപ്പോർട്ട് ചെയ്യണമെന്ന സമിതി നിർദ്ദേശം സംബന്ധിച്ച് യാതൊരു മറുപടിയും സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമാക്കിയില്ല എന്നത് സമിതിയോടുള്ള കടുത്ത അനാദരവാണെന്ന് സമിതി വിലയിരുത്തുന്നു.

3.17.2 ആയതിനാൽ സമിതി ആവശ്യപ്പെട്ട വിവരങ്ങൾ എത്രയുംവേഗം ലഭ്യമാക്കുന്നതോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥനെതിരെയുള്ള ആർ.ആർ. നടപടിയുടെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.17.3 ഈ വിഷയത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ഭൂമി ഏറ്റെടുത്തതെന്നും എന്നാൽ അന്നുമുതൽ ഇതിനെതിരേ പരാതികൾ ഉണ്ടായിരുന്നതായും, ബ്ലോക്കിനുവേണ്ടി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സ്ഥലം ഏറ്റെടുത്തത് നിയമാനുസൃത അനുമതിയോടെയായിരുന്നുവെന്ന് രേഖകൾ വ്യക്തമാക്കുക യുണ്ടായതായും പരിശോധനയിൽ കാണുകയുണ്ടായി. 2.49 ഏക്കർ ഭൂമിയ്ക്ക് കളക്ടർ നിശ്ചയിച്ച വില സെന്റിന് 2000 രൂപയായിരുന്നു. എന്നാൽ അത് മതിയാകുകയില്ല എന്ന ഉടമയുടെ ആവശ്യം മുൻ നിർത്തി ഭരണസമിതിയുടെ അംഗീകാരത്തോടെ നെഗോഷ്യേഷൻ നടത്തി 30% അധിക തുകയായ 600 രൂപ കൂടി അനുവദിക്കുകയുണ്ടായി. അപ്രകാരം 2600 രൂപയ്ക്കാണ് ഭൂമി ഏറ്റെടുത്തത്. ഉടമയുടെ രണ്ട് സമ്മതപത്രങ്ങൾ ഫയലിൽ കാണാനിടയായി എന്ന ഓഡിറ്റ് പരാമർശം വന്നത് ഇപ്രകാരമായിരിക്കണം എന്നാണ് ടി കാലയളവിലെ സെക്രട്ടറി അഭിപ്രായപ്പെട്ടത്. ടി ഭൂമിക്കായി നിയമാനുസൃതം ക്വട്ടേഷനുകൾ ക്ഷണിക്കുകയും, പരസ്യപ്രകാരം ലഭിച്ച ടി ക്വട്ടേഷനുകൾ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തു. ഭരണസമിതി അംഗീകരിച്ച ശ്രീ. വെള്ളാട്ട് രവീന്ദ്രൻ എന്നയാളുടെ ഭൂമിക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുകയും തുടർന്ന് കൂടുതൽ അനുയോജ്യമെന്ന് കണ്ട് ടി ഭൂമി തന്നെ നെഗോസ്യേഷനിലൂടെ വാങ്ങുകയും, കളക്ടർ നിശ്ചയിച്ച നിരക്കിൽ ഭൂമി കൈമാറുവാൻ ഉടമ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ 22-12-1999-ൽ സെന്റൊന്നിന് 2600 രൂപ നിരക്കിൽ വാങ്ങിയിട്ടുള്ളതെന്നും വ്യക്തമായി. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി വാങ്ങിയത് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചാണെന്ന് കാണുന്നു. എന്നാൽ ആദ്യം 3500 രൂപയ്ക്ക് ക്വാട്ട് ചെയ്ത ടി ഭൂമി 2600 രൂപയ്ക്ക് വാങ്ങിയെങ്കിലും, നെഗോസിയേഷൻ നടത്തിയ രേഖകൾ ഒന്നും ഫയലിൽ ഉണ്ടായിരുന്നില്ല. രണ്ട് തരത്തിലുള്ള സമ്മതപത്രങ്ങൾ ഫയലിൽ ഉണ്ടായിരുന്നു.

3.17.4 ശരിയായ നടപടിക്രമങ്ങൾ പാലിച്ചുനടത്തിയ ഒരു പദ്ധതിയിൽ വന്ന ഓഡിറ്റ് പരാമർശവും, അതിന്മേലുള്ള റവന്യൂ റിക്കവറി നടപടികളും ഒഴിവാക്കാവുന്നതാണ്. കാരണം കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെന്റൊന്നിന് 2600 രൂപ നിരക്കിൽ വാങ്ങിയ ടി വസ്തുവിന് ഇന്ന് കോടികൾ വിലമതിക്കുന്നുണ്ട്. ആയത് പരിഗണിച്ച് ടി ഓഡിറ്റ് പരാമർശത്തിൽ നിന്ന് ഒഴിവാക്കാവുന്നതാണ്. ഫയലിൽ രണ്ട് വ്യത്യസ്ത വിലകൾ രേഖപ്പെടുത്തിയ സമ്മതപത്രങ്ങൾ കാണുന്നുവെങ്കിലും കളക്ടറുടെ വാല്യുവേഷൻ അനുസരിച്ചും, സർക്കാർ ഉത്തരവ് അനുസരിച്ച് അനുവദനീയമായ തുക നൽകി സെന്റിന് 2600 രൂപ നിരക്കിൽ ആർജ്ജിച്ച ആസ്തി നിലവിൽ കോടികൾ വിലമതിക്കുമെന്നതിനാൽ ആയതുമൂലം പഞ്ചായത്തിന് ആത്യന്തികമായി നഷ്ടമുണ്ടായതായി കാണാൻ കഴിയുന്നതല്ല എന്ന് അന്വേഷണത്തിൽ വിലയിരുത്തി.

### 3.17.5 വസ്തുവിന്റെ ഇപ്പോഴത്തെ അവസ്ഥ

ഈ സ്ഥലത്ത് 2000-01 വർഷത്തിൽ 28.25 ലക്ഷം രൂപ ചുറ്റുമതിൽ നിർമ്മാണം, കെട്ടിട നിർമ്മാണം, ഇലക്ട്രിക്കൽ എക്സ്റ്റൻഷൻ എന്നീ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2014-15 വർഷത്തിൽ 5 ലക്ഷം രൂപയുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നവീകരണമെന്ന പ്രൊജക്ടിലൂടെ ചുറ്റുമതിൽ നവീകരിക്കുകയും, കിണർ നവീകരിക്കുകയും, ഒരു ഇന്റേണൽ റോഡ് (ടാറിംങ് റോഡ് 108 മീറ്റർ നീളം, 3.30 മീറ്റർ വീതി) നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2014-15-ലെ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ വകയിരുത്തി വ്യവസായ എസ്റ്റേറ്റിലേക്ക് റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടി ഭൂമിയിൽ 22 ലക്ഷം രൂപ വകയിരുത്തി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ. ഉ. (സാധാ) നമ്പർ 658/17/തസ്വഭവ. തീയതി 9-3-2017 സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 7 ചെറുകിട വ്യവസായ സംരംഭകർക്ക് സ്ഥലം പാട്ടത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഫണ്ട് ആസ്തി വർദ്ധനവിന് ഉപയോഗിച്ചതിനാലും ആസ്തിയുടെ മൂല്യത്തിൽ കാലാനുസൃതമായി വർദ്ധനവ് ഉണ്ടായതിനാലും പ്രദേശത്തിന്റെ വ്യാവസായിക വളർച്ചയെ ലക്ഷ്യമാക്കി സർക്കാർ അനുമതിയോടെ ചെറുകിട വ്യവസായ എസ്റ്റേറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി ബ്ലോക്ക് പഞ്ചായത്ത് മുന്നോട്ട് പോകുന്നുണ്ട്.

### 3.17.6 റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ഭൂമി വാങ്ങിയതിൽ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം വന്നതായി കണ്ടെത്തിയ 1,67,328 രൂപ 22-12-1999-ന്

ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത മെമ്പർമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് നോട്ടീസ് അയച്ചിരുന്നു. ഈ നോട്ടീസിനെതിരെ അന്നത്തെ ഭരണസമിതി അംഗങ്ങൾ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് വേണ്ടി 7-7-2012 മുതൽ രണ്ട് മാസത്തേക്ക് ആർ.ആർ. നടപടികൾ നിർത്തിവയ്ക്കുന്നതിന് 7-7-2012-ലെ 10657/എസി2/12/തസ്വഭവ. നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ 28-7-2015-ലെ 1000/എൽ.എഫ്.എ.സി.എ 1/12/നി.സെ. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വ്യക്തികൾക്ക് തുക അടവാക്കുന്നതിന് നോട്ടീസ് അയച്ചിരുന്നു. എന്നാൽ നാളിതുവരെയായി ആരും തന്നെ തുക അടവാക്കിയിട്ടില്ല.

3.17.7 സെന്റൊന്നിന് 2,000 രൂപ നിരക്കിൽ വസ്തു നൽകാമെന്ന് കാണിച്ചുകൊണ്ടുള്ള സമ്മതപത്രം ഫയലിൽ കാണുന്നുണ്ടെങ്കിലും അതിന്റെ ആധികാരികത ഉറപ്പ് വരുത്തുവാൻ കഴിയാത്തതിനാലും, ഇപ്പോൾ പ്രസ്തുത വസ്തുവിന്റെ മൂല്യം പലമടങ്ങ് വർദ്ധിച്ചുവെന്നതിനാലും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലാത്തതിനാലും ഈ ഖണ്ഡികയിലെ തുടർ നടപടി അവസാനിപ്പിക്കുവാൻ അപേക്ഷിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.17.8 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ഭൂമി വാങ്ങിയതിൽ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം വന്നതായി കണ്ടെത്തിയ 1,67,328 രൂപ 22-12-1999-ന് ചേർന്ന ബ്ലോക്ക് പഞ്ചായത്ത് യോഗത്തിൽ പങ്കെടുത്ത മെമ്പർമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കി ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കുന്നതിന് നോട്ടീസ് അയച്ചിരുന്നു. ഈ നോട്ടീസിനെതിരെ അന്നത്തെ ഭരണസമിതി അംഗങ്ങൾ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് വേണ്ടി 7-7-2012 മുതൽ രണ്ട് മാസത്തേക്ക് ആർ. ആർ. നടപടികൾ നിർത്തിവയ്ക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 7-7-2012-ലെ 10657/എ.സി2/12/തസ്വഭവ. നമ്പർ കത്ത് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ 28-7-2015-ലെ 1000/എൽ.എഫ്.എ. സി.എ 1/12/നി.സെ. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വ്യക്തികൾക്ക് 26-11-2015-ലെ ബി-1211/2003 നമ്പർ കത്ത് പ്രകാരം 10 ദിവസത്തിനകം തുക അടവാക്കണമെന്ന് കാണിച്ച് നിലവിൽ ജീവിച്ചിരിപ്പുള്ള 9 ഭരണ സമിതി അംഗങ്ങൾക്കും ഉത്തരവാദിയായ സെക്രട്ടറിക്കും കത്ത് നൽകിയിരുന്നെങ്കിലും ആരും തന്നെ തുക അടവാക്കിയിട്ടില്ല.

1402/19

3.17.9 ഈ സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണം, കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പ്ലോട്ടിൽ 108 മീറ്റർ നീളത്തിൽ 3.30 മീറ്റർ വീതിയിൽ ഒരു ഇന്റേണൽ റോഡും നിർമ്മിച്ചിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 22 ലക്ഷം രൂപ ചെലവിൽ ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഈ വ്യവസായ പ്ലോട്ടിൽ ആരംഭിക്കുകയും, 7 ചെറുകിട വ്യവസായ സംരംഭകർക്ക് സ്ഥലം പാട്ടത്തിന് നൽകുകയും ഇതുവഴി ബ്ലോക്ക് പഞ്ചായത്തിന് 1145334 രൂപ വരുമാനം ലഭിക്കുകയും ചെയ്തിട്ടുണ്ട് എന്ന ബ്ലോക്ക് പഞ്ചായത്തിന്റെ മറുപടി വസ്തുതാപരമാണ്.

## ഖണ്ഡിക നമ്പർ 98

### ശിപാർശ

3.18.1 ബാലികാ സദനത്തിനും എടപ്പാൾ ഗാന്ധി സദനത്തിനും എഗ്ഗർ നഴ്സറി എന്ന പദ്ധതികൾക്കനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കുകയും ആയതിനുള്ള ആസ്തി സൃഷ്ടിക്കപ്പെടുകയും ചെയ്തതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.18.2 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.18.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ തുടർ നടപടികൾ അവസാനിപ്പിച്ചിരുന്നു.

## ഖണ്ഡിക നമ്പർ 99

### ശിപാർശ

3.19.1 വട്ടംകുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അനുമതിയോടെ അംഗനവാടി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും കെട്ടിട നിർമ്മാണത്തിനുപയോഗിച്ച പണം പാഴ്ചെലവായിട്ടില്ലെന്നുമുള്ള സി.ഡി.പി.ഒ.യുടെ സർട്ടിഫിക്കറ്റ് ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ ഇത് സംബന്ധിച്ച എല്ലാ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റിന് ഹാജരാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.19.2 പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് 1999-2000-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വട്ടംകുളം പി.എച്ച്.സി.യുടെ സ്ഥലത്ത് തൈക്കാട് അംഗണവാടിക്കുവേണ്ടി നിർമ്മിച്ച കെട്ടിടത്തിൽതന്നെ ഇപ്പോഴും അംഗണവാടി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതായി സി.ഡി.പി.ഒ. നൽകിയ സാക്ഷ്യപത്രം 18-4-2012-ന് മലപ്പുറം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് ബി442/07 നമ്പർ കത്ത് മുഖേന സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1-9-2012-ന് ഡെപ്യൂട്ടി ഡയറക്ടർ എൽ.എഫ്.എം./10/1803/07 നമ്പർ കത്ത് മുഖേന നൽകിയ മറുപടിയിൽ പ്രസ്തുത ഖണ്ഡികയിന്മേൽ നിയമസഭാ സമിതിയുടെ തീരുമാനത്തിന് വിധേയമായി യുക്തമായ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. സാക്ഷ്യപത്രം, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് എന്നിവയുടെ പകർപ്പ് അറിവിലേയ്ക്കായി സമർപ്പിക്കുന്നു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.19.3 പൊന്നാനി ഐ.സി.ഡി.എസ്. പ്രൊജക്ടിന് കീഴിലുള്ള തൈക്കാട് അംഗണവാടി (സെന്റർ നമ്പർ 48) ഇപ്പോഴും വട്ടംകുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സ്ഥലത്ത് തന്നെ പ്രവർത്തിച്ചുവരുന്നതായി പൊന്നാനി സി.ഡി.പി.ഒ. സാക്ഷ്യപത്രം നൽകിയത് പരിശോധിച്ച് ബോധ്യപ്പെട്ടു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 നവംബർ 21.

<u>അനുബന്ധം</u>

പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2.1.8 | തദ്ദേശസ്വയംഭരണ വകുപ്പ് | പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സിന്റെ വിധിക്കനുസരിച്ച് നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.